401
7/1/19

File No.FWLD-A1/140/2018-FWLD

"ഭരണഭാഷ– മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

കോതമംഗലം റെയിഞ്ചിലെ തട്ടേക്കാട് സെക്ഷനിൽ 1955, 56 തേക്ക് തോട്ടങ്ങളിൽ നിന്നുള്ള അനധികൃത മരംമുറി – അച്ചടക്കനടപടി-ശ്രീ.കെ.ഇ.സിബി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പുനഃപരിശോധനാ ഹർജി – നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.2/2019/വനം തിരുവനന്തപുരം, തീയതി, 03/01/2019

---

പരാമർശം:- (1) 30.07.2013-ലെ 9411/എ1/13/വനം നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും

(2) 20.08.2014-ലെ സ.ഉ. (സാധാ) നം. 387/2014/വനം ഉത്തരവ്

(3) 23.04.2018 ലെ സ.ഉ. (സാധാ.) നം. 185/18/വനം ഉത്തരവ്

(4) 23.04.2018 ലെ സ.ഉ. (സാധാ.) നം. 185/18/വനം ഉത്തരവ്

(5) 14.05.2018ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ന്റെ ബി3-27408/13 നമ്പർ കത്ത്

(6) 26.10.2018-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ സെക്രട്ടറിയുടെ A1-1/50042/2018-KPSC നമ്പർ കത്ത്

## ഉത്തരവ്

കോതമംഗലം റെയിഞ്ചിലെ തട്ടേക്കാട് സെക്ഷനിൽ 1955, 56 തേക്ക് തോട്ടങ്ങളിൽ നടന്ന അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് റെയിഞ്ച്ഫോറസ്റ്റ് ഓഫീസറായ ശ്രീ.കെ.ഇ.സിബിയ്ക്ക് പരാമർശം (1) പ്രകാരം താഴെപ്പറയുന്ന ചാർജ്ജുകൾക്ക് കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രവും/കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

(i) കോതമംഗലം റെയിഞ്ചിൽ തട്ടേക്കാട് സെക്ഷനിലെ ചേലമല ഭാഗം 1955, 1956 തേക്ക് തോട്ടങ്ങളിൽ നിന്നിരുന്ന 1 0 തേക്ക് മരങ്ങൾ അനധികൃതമായി മുറിച്ച് നീക്കം ചെയ്യപ്പെട്ട കൃത്യം യഥാസമയം തടയുന്നതിൽ പരാജയപ്പെട്ടു. സർക്കാർ മുതൽ സംരക്ഷിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തി. ടിയാന്മാരുടെ കൃത്യവിലോപം മൂലം സർക്കാരിന് 3,90,305/- രൂപയുടെ നഷ്ടം സംഭവിച്ചു.

(ii) കോതമംഗലം റെയിഞ്ചിൽ ഒ.ആർ.12/2011, 13/2011, 14/2011, 17/2011 എന്നീ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിൽ നഷ്ടപ്പെട്ട തൊണ്ടി വകകൾ കണ്ടെത്തുന്നതിലും കൃത്യത്തിന് ഉത്തരവാദികളായ പ്രതികളെയും മറ്റു തെളിവുകളും കണ്ടെത്തുന്നതിലും ചാർജ്ജ് ചെയ്യുന്നതിനും പരാജയപ്പെട്ടു. ഒ.ആർ.12/2011, 13/2011, 14/2011, 17/2011 എന്നീ കേസുകളിൽ തയ്യാറാക്കപ്പെട്ട കൃത്യങ്ങളുടെ പഴക്കം യഥാർത്ഥത്തിലും കൂടുതലായി രേഖപ്പെടുത്തി കുറ്റകൃത്യം മറച്ചു വയ്ക്കാനും ഉത്തരവാദിത്വത്തിൽ നിന്നും മനഃപൂർവ്വം ഒഴിവാകുന്നതിനും ശ്രമിച്ചു.

(iii) വന സംരക്ഷണത്തിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ എന്ന നിലയിൽ ടിയാന്മാരുടെ കർത്തവ്യം നിർവ്വഹിക്കുന്നതിൽ പരാജയപ്പെടുകയും മേൽപ്പറഞ്ഞ കേസുകളിൽ നീക്കം ചെയ്യപ്പെട്ട, തൊണ്ടി വകകളും, പ്രതികളെയും കണ്ടെത്തുന്നതിൽ ഗുരുതരമായ കൃത്യവിലോപം വരുത്തുകയും, പ്രതികൾക്ക് നിർഭയമായി കുറ്റകൃത്യം ചെയ്യുന്നതിന് ഒത്താശ ചെയ്തു കൊടുക്കുകയും അതുമൂലം സർക്കാരിന് ഭീമമായ നഷ്ടം വരുത്തി വയ്ക്കുകയും ചെയ്തു.

(iv) കേരളാ ഫോറസ്റ്റ് കോഡിൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരം ടിയാന്മാരിൽ അർപ്പിതമായ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തുകയും സർക്കാരിനോട് വിശ്വാസവഞ്ചന കാണിക്കുകയും ചെയ്തു.

2) തുടർന്ന് ഈ വിഷയത്തിൽ പരാമർശം (2) പ്രകാരം നടത്തിയ അന്വേഷണത്തിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സിബിക്ക് മറ്റുള്ളവരേക്കാൾ കൂടുതൽ വീഴ്ച സംഭവിച്ചിട്ടുള്ളതായും കേസന്വേഷണത്തിലും കണ്ടുകെട്ടേണ്ടിയിരുന്ന വണ്ടി നഷ്ടപ്പെട്ടതിലും കൂടുതൽ ഉത്തരവാദിത്വം ഉള്ളതായി കണ്ടെത്തിയതിനാലും സർക്കാർ നഷ്ടത്തിന് ഉത്തരവാദികളായ ആളുകളിൽ നിന്നും ഈടാക്കേണ്ട തുകയിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സിബിയിൽ നിന്നും സർക്കാർ നഷ്ടമായ 1,80,305/- രൂപയുടെ പകുതി തുകയായ 90,153/- രൂപ ഈടാക്കുന്നതിനും, 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടം 11 (5A) പ്രകാരം ടിയാന്റെ 3 വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലപ്രാബല്യത്തോടെ തടയുന്നതിനും തീരുമാനിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകി. ടിയാനെ നേരിൽ കേൾക്കുകയും ടി സമയത്ത് ഉന്നയിച്ച വാദഗതികൾ കൂടി പരിഗണിച്ച് ടിയാനിൽ നിന്നും സർക്കാർ നഷ്ടമായ 90,153/- രൂപ ഈടാക്കിക്കൊണ്ടും ടിയാന്റെ ഒരു ഇൻക്രിമെന്റ് സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞുകൊണ്ടും പരാമർശം (3) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവായി.

3) പ്രസ്തുത ഉത്തരവിന്മേൽ ശ്രീ.കെ.ഇ.സിബി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ പരാമർശം( 4 ) പ്രകാരം പുനഃപരിശോധന ഹർജി സമർപ്പിച്ചു. കേസുകളുടെ അന്വേഷണത്തിന്റെ തുടക്കത്തിൽ കൈവരിച്ച പുരോഗതി കാരണമാണ് വാഹനം പിടിച്ചെടുക്കുന്നതിനും വീട് പരിശോധന നടത്തി 60,000/- രൂപയുടെ തൊണ്ടി മുതലുകൾ പിടിച്ചെടുക്കുന്നതിനും പ്രധാനപ്പെട്ട 3 പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും ഇടയാക്കിയതെന്നും അതിനാൽ ശിക്ഷണ നടപടിയിൽ നിന്നും ഒഴിവാക്കുന്നതിന് ശ്രീ.കെ.ഇ.സിബി അപേക്ഷിച്ചു.

4) പ്രസ്തുത ഹർജി അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർ ശം (5) പ്രകാരം അഭിപ്രായപ്പെടുകയും അത് പരിഗണിച്ച് ശിക്ഷ ലഘൂകരിക്കുന്നതിന്മേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരായുകയും ശിക്ഷയിൽ ഇളവ് നൽകുന്നതിനോട്

വിയോജിപ്പ് ഉള്ളതായി കമ്മീഷൻ പരാമർശം (5) പ്രകാരം അറിയിക്കുകയും ചെയ്തു.

5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കുറ്റകൃത്യം നടന്നിട്ടുള്ളതായും ഔപചാരികാന്വേഷണത്തിൽ ശ്രീ.കെ.ഇ.സിബിക്കെതിരായ ചാർജ്ജുകളെല്ലാം തെളിഞ്ഞിട്ടുള്ളതായി കണ്ടെത്തിയതിന്റെയും അടിസ്ഥാനത്തിലാണ് ടിയാനിൽ നിന്നും 90,153/- രൂപ ഈടാക്കുന്നതിനും 3 വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലപ്രാബല്യത്തോടെ തടയുന്നതിനും തീരുമാനിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകിയത്.കാരണം കാണിക്കൽ നോട്ടീസിന് നൽകിയ വിശദീകരണത്തിലും ഹിയറിംഗ് വേളയിലും ഉന്നയിച്ചിട്ടുള്ള വാദങ്ങളാണ് ശ്രീ.കെ.ഇ.സിബി പുനഃപരിശോധന ഹർജിയിൽ ആവർത്തിച്ചിരിക്കുന്നത്.നേരിൽ കേട്ട വേളയിൽ ടിയാൻ ഉന്നയിച്ച മേൽ വാദങ്ങൾ പരിഗണിച്ചുകൊണ്ട് 'മൂന്ന് വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലപ്രാബല്യത്തോടെ തടയുക' എന്ന ശിക്ഷയിൽ ഇളവ് വരുത്തി 'ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടയുക' എന്നാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവായിട്ടുമുണ്ട്. എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടും സ്വാഭാവിക നീതി ഉറപ്പുവരുത്തിക്കൊണ്ടും തീർപ്പാക്കിയ അച്ചടക്ക നടപടിയിലെ ശിക്ഷ പുനഃപരിശോധിക്കേണ്ടതില്ലായെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ ശ്രീ.കെ.ഇ.സിബി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പുനഃപരിശോധനാ ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വേണു.വി
പ്രിൻസിപ്പൽ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.കെ.ഇ.സിബി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖകത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by BIJI K
Date: 2019.01.24 15:02:40 IST
സെക്ഷൻ ഓഫീസർ
Reason: Approved